# കാമമോഹിതർ

കെ.ജി. പൗലോസ്

---

രാമായണത്തിലെ ദാരുണമുഹൂർത്തങ്ങളിലൊന്നാണ് ദശരഥന്റെ പതനം. വടവൃക്ഷം കടപുഴകിവീഴുമ്പോലെ ആയിരുന്നു അത്. ശ്രീരാമന്റെ അഭിഷേകവാർത്ത ജനങ്ങളെ അറിയിച്ച് തയ്യാറെടുപ്പുകളെല്ലാം പൂർത്തിയാക്കിയ ശേഷം ഹർഷോല്ലസിതനായിട്ടാണ് രാജാവ് കൈകേയിയുടെ അന്തഃപുരം പൂകിയത്. പതിവുപോലെ സ്വീകരിക്കാൻ കാമിനിയെ കാണാഞ്ഞ് മനസ്സ് പിടഞ്ഞു. അപ്പോഴാണ് വാനിൽ നിന്ന് വീണ നക്ഷത്രം കണക്കെ താഴെ കൈകേയി കണ്ണിൽപ്പെട്ടത്. കമാതുരനായ ആ വൃദ്ധൻ തരുണിയെ അനുനയിപ്പിക്കാനുള്ള ശ്രമം തുടങ്ങി. അവളുടെ ഏതിഷ്ടവും സാധിക്കുമെന്ന് ശപഥം ചെയ്തു. തനിക്ക് പ്രിയപ്പെട്ട എല്ലാറ്റിനെയും പിടിച്ചാണയിട്ടു. താനെറിഞ്ഞ കയറ് കഴുത്തിൽ മുറുകി എന്ന് കൈകേയിക്ക് ഉറപ്പായി. തുടർന്നാണ് രാജാവിനെ കെണിയിലാക്കിക്കൊണ്ട് ഭരതനെ രാജാവാക്കാനും രാമനെ വനത്തിലയയ്ക്കാനും അവൾ ആവശ്യപ്പെടുന്നത്. അശനിപാതം ഏറ്റപോലെ അയോദ്ധ്യാധിപതി തകർന്ന് നിലംപതിച്ചു. മഹാമേരുവിൽ നിന്ന് രസാതലത്തിലേക്ക്, ജീവിതത്തിൽ നിന്ന് മരണത്തിലേക്കുള്ള വൻവീഴ്ച.

ദശരഥന്റെ പതനത്തെ ആദികവി ഉപമിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നുള്ള യയാതിയുടെ വീഴ്ചയോടാണ്. മകന്റെ യൗവനം ഇരന്ന് വാങ്ങി വാർദ്ധക്യത്തിൽ കാമഭോഗങ്ങളിൽ മുഴുകിയ രാജാവായിരുന്നു മഹാഭാരതത്തിലെ യയാതി. ജ്ഞാനപീഠം നേടിയ 'യയാതി'യുടെ കർത്താവ് വി.എസ്.ഖണ്ഡേക്കർ വിശദീകരിച്ചത് ആധുനിക സമൂഹത്തിന്റെ ഭോഗാസക്തിയെ വിവരിക്കാൻ യയാതിയേക്കാൾ പറ്റിയ മറ്റൊരു പ്രതീകമില്ലെന്നാണ്.

തുടർന്നുള്ള ദശരഥന്റെ വിലാപത്തിൽ ആത്മനിന്ദ കലർന്നിട്ടുണ്ട്. കാമാന്ധനായി താൻ കൈകേയിയിൽ ആസക്തനായതും കൗസല്യയോട് അനീതികാണിച്ചതും ദശരഥൻ ഓർമ്മിക്കുന്നു. ഭാര്യയും സുഹൃത്തും അമ്മയും സഖിയുമൊക്കെയായിരുന്നു കൗസല്യ. എങ്കിലും, കൈകേയിയുടെ താരുണ്യത്തിൽ ഭ്രമിച്ച് താനവളെ അവഗണിച്ചു.

ഈ പ്രകരണത്തിൽ തന്നെ ദശരഥന് മറ്റൊരു വിശേഷണം നല്കുന്നുണ്ട്, വാല്മീകി-കാമമോഹിതൻ. കാട്ടാളനെ ശപിച്ചപ്പോൾ പ്രയോഗിച്ച പദം. പിടഞ്ഞുവീണ കിളിയാണവിടെ മോഹിതൻ; ഇവിടെ രാജാവും. കാട്ടാളനെപ്പോലെ താനെയ്ത ഒരമ്പിന്റെ കഥ ഈ അവസരത്തിൽ ദശരഥൻ കൗസല്യയോടേറ്റുപറയുന്നുണ്ട്. സരയുവിൽ വെള്ളമെടുത്ത ബ്രാഹ്മണ കുമാരനായിരുന്നു, ആനയെന്നോർത്തു രാജാവെയ്ത അമ്പിനിരയായത്. പുത്രദുഃഖത്താൽ മരിക്കുമെന്ന അച്ഛനമ്മമാരുടെ ശാപം തന്നിൽ ഫലിക്കുകയാണ്.

ദശരഥനെ യയാതിയോടുപമിക്കുകയും കാമമോഹിതനെന്ന് വിശേഷിപ്പിക്കുകയും ചെയ്ത ആദികവിയുടെ അന്തർഗതമെന്താവാം? കാമമോഹിതനെ കാത്തിരിക്കുന്നത് മരണമാണ് എന്നത് ഒരു സാമാന്യനിരീക്ഷണമേ ആകുന്നുള്ളൂ. മുനിവൃത്തിയുടെ ലാളിത്യവും ഏകപത്നീവ്രതവുമാണ് താനവതരിപ്പിക്കാൻ പോകുന്ന മാതൃക. അതിനൊരു പൂർവപക്ഷം പിതാവ് തന്നെയാകട്ടെ എന്ന് മുനി കരുതിയിരിക്കാം. പിതാവിൽ നിന്ന് പുത്രനിലേയ്ക്കുള്ള ദൂരമാണ് രാമന്റെ അയനത്തിനുള്ളത്. ആദ്യത്തേത് ലളിതം, സുഗമം; രണ്ടാമത്തേത് ക്ലിഷ്ടം, ദുർഗമം. ദശരഥൻ പോലുമാഗ്രഹിച്ചു രാമൻ തന്റെ വാക്കിനെ നിരസിച്ച് അഭിഷേകത്തിന് തുനിഞ്ഞെങ്കിലെന്ന്. അദ്ദേഹത്തിന്റെ യുക്തിയിതായിരുന്നു: രണ്ടു പ്രതിജ്ഞകളുണ്ട്-ഒന്ന് കൈകേയിയോട് ചെയ്തത്, മറ്റൊന്ന് രാമനെ രാജാവാക്കാമെന്ന് പ്രജകളോട് ചെയ്തത്. ഒരു സത്യഭംഗം അനിവാര്യമാണ്. രാജാവാകുക വഴി പ്രജകളോട് പിതാവ് ചെയ്ത സത്യത്തെ പാലിക്കുകയാണ് രാമൻ ചെയ്യുന്നത്. അതുകൊണ്ട് അഭിഷേകം നടക്കുന്നതിൽ പ്രതിജ്ഞാലംഘനമില്ല. മകന്റെ ധർമ്മബോധം പ്രവർത്തിച്ചതങ്ങനെയല്ല. സത്യഭംഗം രണ്ടിടത്തും തുല്യമെന്നിരിക്കെ തനിക്കനുകൂലമായതിനെ സ്വീകരിക്കുന്നത് അധർമ്മമാണ്. സത്യപരിപാലനത്തിനപ്പുറമൊരു സ്വാർഥലോഭം അതിലുണ്ട്. അതുകൊണ്ട് കാമ്യമായ ചെങ്കോലല്ല ക്ലിഷ്ടമായ മരവുരിയാണ് താൻ തെരഞ്ഞെടുക്കുന്നത്. സത്യം പാലിച്ചാൽ മാത്രം പോര, അത് നിഷ്കാമമാണെന്ന് സമൂഹത്തിന് ബോധ്യമാവുകയും വേണം.

ഇത്തരം സന്ദിഗ്ധഘട്ടങ്ങളിലാണ് നിത്യജീവിതത്തിൽ നാം കുഴങ്ങിപ്പോകാറുള്ളത്. എളുപ്പവഴിയിൽ ക്രിയ ചെയ്യാനാണ് നമ്മെ ശീലിപ്പിച്ചിട്ടുള്ളത്. എന്നാൽ ധർമ്മത്തിന്റെ ഗഹനഗതികൾ ക്ലേശപൂർണ്ണങ്ങളാണെന്നാണ് രാമമാർഗം നമ്മെ ഓർമ്മിപ്പിക്കുന്നത്.

.........................................................................


വാചസ്പതി

**ഡോ. കെ. ജി. പൗലോസ്**

*വൈസ് ചാൻസലർ*

**കേരള കലാമണ്ഡലം**

വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531

ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205

E-mail: kgpaulose@gmail.com, Website: www.kalamandalam.org.